# ഖുർആൻ ബോധനം

എ.വൈ.ആർ



സൂറ-14

## ഇബ്റാഹീം

15 അവർ വിജയം തേടി. എന്നാൽ ശഠന്മാരായ സ്വേഛാപ്രമത്തരൊക്കെയും തോറ്റുപോയി.
16 അതിനു ശേഷം അവർക്കുള്ളത് നരകമാകുന്നു. അവിടെ അവർ ചീഞ്ചലനീര് കുടിപ്പിക്കപ്പെടുന്നു.
17 അതവൻ വളരെ ക്ലേശിച്ച് കടിച്ചിറക്കേണ്ടി വരുന്നു. നാനാഭാഗത്തുനിന്നും മരണം അവനെ വലയം ചെയ്യുന്നു. എന്നാൽ അവനൊട്ടു മരിക്കുന്നുമില്ല. അതിനുശേഷവും ഘോരമായ ശിക്ഷയുണ്ട്.
18 സ്വന്തം വിധാതാവിനെ നിഷേധിച്ചവരുടെ കർമങ്ങൾക്കുള്ള ഉദാഹരണം: ഒരു രൗദ്രനാളിലെ കൊടുങ്കാറ്റിൽപ്പെട്ട ചാരം പോലെ. തങ്ങൾ ചെയ്തുവെച്ച കർമങ്ങളൊന്നും അവർക്ക് ഒട്ടും ഉപകാരപ്പെടുകയില്ല. അത് അഗാധമായ മാർഗഭ്രംശം തന്നെയാകുന്നു.

وَٱسْتَفْتَحُوا۟ وَخَابَ كُلُّ جَبَّارٍ عَنِيدٍ ﴿١٥﴾
مِّن وَرَآئِهِۦ جَهَنَّمُ وَيُسْقَىٰ مِن مَّآءٍ صَدِيدٍ ﴿١٦﴾
يَتَجَرَّعُهُۥ وَلَا يَكَادُ يُسِيغُهُۥ وَيَأْتِيهِ ٱلْمَوْتُ مِن كُلِّ
مَكَانٍ وَمَا هُوَ بِمَيِّتٍ ۖ وَمِن وَرَآئِهِۦ عَذَابٌ غَلِيظٌ ﴿١٧﴾
مَّثَلُ ٱلَّذِينَ كَفَرُوا۟ بِرَبِّهِمْ ۖ أَعْمَٰلُهُمْ كَرَمَادٍ ٱشْتَدَّتْ بِهِ ٱلرِّيحُ فِى
يَوْمٍ عَاصِفٍ ۖ لَّا يَقْدِرُونَ مِمَّا كَسَبُوا۟ عَلَىٰ شَىْءٍ ۚ ذَٰلِكَ هُوَ ٱلضَّلَٰلُ ٱلْبَعِيدُ
﴿١٨﴾

وَٱسْتَفْتَحُوا۟ = വിജയം തേടി (അവർ വിജയത്തിന് ദൈവസഹായം തേടി) وَخَابَ = തോറ്റുപോയി, ഭഗ്നാശരായി
كُلُّ جَبَّارٍ = സ്വേഛാപ്രമത്തരൊക്കെയും عَنِيدٍ = ശഠന്മാരായ مِّن وَرَآئِهِۦ = അതിനുശേഷം (അവർക്ക് ഉള്ളത്)
جَهَنَّمُ = നരകമാകുന്നു وَيُسْقَىٰ = അവിടെ അവർ കുടിപ്പിക്കപ്പെടുന്നു مِن مَّآءٍ صَدِيدٍ = ചലമായ വെള്ളം (ചീഞ്ചലനീര്)
يَتَجَرَّعُهُۥ = അതവൻ (കടിച്ച്) ഇറക്കുന്നു (ഇറക്കേണ്ടി വരുന്നു) وَلَا يَكَادُ يُسِيغُهُۥ = അതവൻ ഇറക്കാറായിട്ടില്ല(വളരെ ക്ലേശിച്ച്)
وَيَأْتِيهِ = അവന്റെ അടുത്തു വരുന്നു(വലയം ചെയ്യുന്നു) ٱلْمَوْتُ = മരണം مِن كُلِّ مَكَانٍ = എല്ലാ ഭാഗത്തുനിന്നും
وَمَا هُوَ = അവൻ അല്ല(അവനൊട്ട് ഇല്ല) بِمَيِّتٍ = മൃതദേഹം(മരിക്കുന്നും)
وَمِن وَرَآئِهِۦ = അതിന്റെ പിന്നിൽ(അതിനുശേഷവും)ഉണ്ട് عَذَابٌ = ശിക്ഷ غَلِيظٌ = ഘോരമായ مَّثَلُ = ഉദാഹരണം
ٱلَّذِينَ كَفَرُوا۟ بِرَبِّهِمْ = സ്വന്തം വിധാതാവിനെ നിഷേധിച്ചവർക്കുള്ള أَعْمَٰلُهُمْ = അവരുടെ പ്രവർത്തനങ്ങൾ
كَرَمَادٍ = ചാരംപോലെ ٱشْتَدَّتْ بِهِ ٱلرِّيحُ = കാറ്റ് അതിനോടു കൊടൂരമായി (കൊടുങ്കാറ്റിൽപ്പെട്ട)

فِى يَوۡمٍ= ഒരു നാളിൽ عَاصِفٍ= രൗദ്രമായ لَّا يَقۡدِرُونَ= അവർ കഴിവുള്ളവരാകുന്നില്ല(ഉപകാരപ്പെടുകയില്ല)

مِمَّا كَسَبُواْ= അവർ സമ്പാദിച്ചതിനാൽ(തങ്ങൾ ചെയ്തുവെച്ച കർമങ്ങൾ) عَلَىٰ شَىۡءٍ= ഒരു വസ്തുവിന്മേൽ(ഒന്നും)

ذَٰلِكَ هُوَ= അതുതന്നെയാകുന്നു ٱلضَّلَـٰلُ= മാർഗഭ്രംശം ٱلۡبَعِيدُ= വിദൂരമായ(അഗാധമായ)

**15–17:** തുറസ്സ്, വിജയം, തീരുമാനം, മോചനം എന്നീ അർഥങ്ങളുള്ള فتح ൽ നിന്നുള്ളതാണ് استفتحوا. അവർ فتح തേടി എന്ന്. ഇതിലെ 'അവർ' പ്രവാചകന്മാരാകാം. അവരെ എതിർക്കുന്ന നിഷേധികളുമാകാം. രണ്ടുകൂട്ടരും ഉൾപ്പെട്ടതുമാകാം. അവർ പ്രവാചകന്മാരാണെന്നു വെയ്ക്കുമ്പോൾ, അല്ലാഹു സത്യനിഷേധികളുടെ നാശം പ്രവചിക്കുകയും പ്രവാചകന്മാർ തങ്ങളുടെ വിജയത്തിനുവേണ്ടി പ്രാർഥിക്കുകയും ചെയ്തു എന്നാകുന്നു ആശയം. പ്രതിയോഗികളാണെന്ന് വെച്ചാൽ, പ്രവാചകന്മാരുടെ പ്രസ്ഥാനം പരാജയപ്പെടുമെന്നും വിജയിക്കുന്നത് തങ്ങൾ തന്നെ ആയിരിക്കുമെന്നും അവകാശപ്പെടുകയും അതിനുവേണ്ടി അവരുടെ ദൈവത്തോടു പ്രാർഥിക്കുകയും ചെയ്തു. استفتحഎന്ന വാക്ക് استنصر بالله (വിജയിക്കാൻ അല്ലാഹുവിനോട് സഹായം തേടി) എന്ന അർഥത്തിലും ഉപയോഗിക്കും. استفتحയുടെ കർത്താക്കൾ വിശ്വാസികളും അവിശ്വാസികളും ഉൾപ്പെട്ടതാണ് എന്നുവെച്ചാൽ, രണ്ടു കൂട്ടരും അവരവർ വിശ്വസിക്കുന്ന ദൈവത്തോട് അവരവരുടെ വിജയത്തിനുവേണ്ടി പ്രാർഥിച്ചു എന്നാകുന്നു താൽപര്യം. ഇതാണ് സന്ദർഭവുമായി കൂടുതൽ യോജിക്കുന്നത്.

വളരെ പ്രതീക്ഷയോടെ പ്രയത്നിച്ചിട്ട് ഉദ്ദിഷ്ട കാര്യം ഒട്ടും നേടാൻ കഴിയാതെ വരുമ്പോഴുണ്ടാകുന്ന ആശാഭംഗത്തെയും വിഷണ്ണതയെയും കുറിക്കുന്ന خيبة ൽ നിന്നുള്ള ക്രിയയാണ് خاب. സ്വേഛാനുസാരം മാത്രം പ്രവർത്തിക്കുകയും മറ്റുള്ളവരുടെ മേൽ സ്വേഛാധികാരം നടത്തുകയും ചെയ്യുന്നവനാണ് جبّار. അല്ലാഹുവിന്റെ കാര്യത്തിൽ ഈ വിശേഷണം സ്തുതിയും മറ്റുള്ളവരുടെ കാര്യത്തിൽ ആക്ഷേപവുമാകുന്നു. കാരണം, സ്വേഛാനുസാരം മാത്രം എന്തും പ്രവർത്തിക്കുകയും അഖിലാണ്ഡത്തെ സ്വാധികാരത്താൽ അടക്കി ഭരിക്കുകയും ചെയ്യുന്നവൻ തന്നെയാണ് അല്ലാഹു. സ്വേഛകൾ പൂർണമായി നടപ്പിലാക്കാനോ മറ്റുള്ളവരുടെ മേൽ പൂർണമായ അധികാരം ചെലുത്താനോ മറ്റാർക്കും സാധ്യമല്ലാത്തതിനാൽ അല്ലാഹുവല്ലാത്തവൻ جبار എന്നവകാശപ്പെടുന്നത് افتراء (കള്ളം) ആകുന്നു. ആരെയും മാനിക്കാൻ കൂട്ടാക്കാതെ മറ്റുള്ളവരുടെ മേൽ തന്നിഷ്ടം നടത്തുന്ന സ്വേഛാധിപതിയാണ് ഭൗതികമായ അർഥത്തിൽ جبار. ഇണങ്ങാത്തവൻ, മെരുങ്ങാത്തവൻ, ശാഠ്യക്കാരൻ എന്നൊക്കെയാണ് عَنِيدٍ ന്റെ അർഥം. جبار ന്റെ അർഥത്തെ ദൃഢീകരിക്കുകയാണ് عَنِيدٍ എന്ന വിശേഷണം. പ്രവാചന്മാരെയും അവരുടെ പ്രസ്ഥാനത്തെയും അനായാസം തോൽപിച്ചു കളയാം എന്ന പ്രതീക്ഷയോടെ ദുശ്ശാഠ്യക്കാരായ സ്വേഛാപ്രമത്തരായി അവരെ എതിർത്തവരെല്ലാം ഒടുവിൽ ഒന്നും നേടാനാകാതെ വിഷണ്ണരും നിസ്സഹായരുമായിത്തീരുന്നു എന്ന ആശയമാണ് وَخَابَ كُلُّ جَبَّارٍ عَنِيدٍ എന്ന വാക്യത്തിലൂടെ അവതരിപ്പിക്കുന്നത്. ഈ പ്രവചനം നടത്തി ഒന്നര പതിറ്റാണ്ടിനകം മുഹമ്മദ് നബിയുടെയും മുസ്‌ലിംകളുടെയും കാര്യത്തിലും ഇത് യാഥാർഥ്യമായി. മക്കാ നഗരം, ഒരുകാലത്ത് അവിടെനിന്ന് ആട്ടിയോടിക്കപ്പെട്ട മുസ്‌ലിംകളുടെ കൈയിൽ വന്നണഞ്ഞു. ബഹുദൈവവിശ്വാസത്തിന്റെയും വിഗ്രഹാരാധനയുടെയും അടയാളങ്ങൾ പോലും അവിടെ നിന്നു മാഞ്ഞുപോയി.

സത്യത്തിനും ധർമത്തിനുമെതിരെ പൊരുതിയവരുടെ ദുരന്തം ലൗകികമായ ഈ പരാജയത്തിൽ ഒതുങ്ങുന്നില്ല. പരലോകത്ത് ദാരുണമായ യാതനകൾ നിറഞ്ഞ നരകം അവരെ കാത്തിരിപ്പുണ്ട്. അതിലെ യാതനകൾക്ക് ഒരുദാഹരണമാണ് നരകസ്ഥർക്ക് ലഭിക്കുന്ന കുടിനീര്. ശരീരത്തിലെ വ്രണങ്ങളിൽ നിന്നൊലിക്കുന്ന ചോരയും ചലവുമാണ് صَدِيدٍ. ഈ ദുർനീര് തൊണ്ടയിലൂടെ ഇറക്കാൻ ആരാണിഷ്ടപ്പെടുക?! പക്ഷേ, അതല്ലാതെ ദാഹമകറ്റാൻ അവിടെ മറ്റൊന്നും കിട്ടുകയില്ല. അഥവാ കിട്ടുകയാണെങ്കിൽ അത് ഒന്നുകിൽ ചൂടുകൊണ്ട് അല്ലെങ്കിൽ തണുപ്പുകൊണ്ട് ഇറക്കാനാവാത്തതായിരിക്കും. فَلۡيَذُوقُوهُ حَمِيمٌ وَغَسَّاقٌ (അവർ ചൂട്ടുതപിക്കുന്ന വെള്ളവും അതിശൈത്യവും ദുർഗന്ധവുമുള്ള ദുർനീരും രുചിക്കട്ടെ - 38:57) وَإِن يَسۡتَغِيثُواْ يُغَاثُواْ بِمَآءٍ كَٱلۡمُهۡلِ يَشۡوِى ٱلۡوُجُوهَ (അവർ കുടിവെള്ളത്തിനുവേണ്ടി നിലവിളിച്ചാൽ ഉരുകിയ ലോഹം പോലുള്ള ദ്രാവകമായിരിക്കും ലഭിക്കുക. അതവരുടെ മുഖങ്ങളെ കരിച്ചുകളയുന്നു - 18:29). വിമ്മിഷ്ടത്തോടെ അൽപാൽപമായി തൊണ്ടയിലൂടെ കടത്തിവിടുന്നതിനാണ് يَتَجَرَّعُهُ എന്ന് പറയുക. പാനീയം തൊണ്ടയിലൂടെ ഇറങ്ങിപ്പോവുകയാണ് سوغ. ഇതിൽനിന്നുള്ള സകർമക വർത്തമാന ക്രിയയാണ് يسيغ (വിഴുങ്ങുന്നു, ഇറക്കുന്നു). അവർ അത് ഇറക്കാറാകുന്നില്ല എന്നാണ് لَا يَكَادُ يُسِيغُهُ ന്റെ ഭാഷാർഥം. വിമ്മിഷ്ടത്തോടെ, വളരെ പ്രയാസപ്പെട്ട് എങ്ങനെയൊക്കെയോ അൽപാൽപമായി ഇറക്കുന്നു എന്നാണ് يَتَجَرَّعُهُۥ وَلَا يَكَادُ يُسِيغُهُ എന്ന വാക്യത്തിന്റെ താൽപര്യം. മരണം വസ്തുരൂപത്തിൽ അവരെ വളഞ്ഞു നിൽക്കുന്നു എന്നാവണമെന്നില്ല وَيَأۡتِيهِ ٱلۡمَوۡتُ مِن كُلِّ مَكَانٍ എന്ന വാക്യത്തിന്റെ താൽപര്യം. മരണം മുന്നിൽ വാ പിളർന്നു നിന്നു എന്നതുപോലൊരു പ്രയോഗമാണിത്. നരകവാസികൾ ഓരോ അവയവത്തിലും അനുഭവിക്കുന്ന വേദനയും നീറ്റലും ഇപ്പോൾ മരിച്ചുപോകും എന്നു തോന്നിക്കും വണ്ണമുള്ളതായിരിക്കും എന്ന അർഥമാണ് പല ഖുർആൻ വ്യാഖ്യാതാക്കളും നൽകിയിരിക്കുന്നത്. യാതന അത്രകൊടൂരമായിരിക്കുമെങ്കിലും അവർ ഒരിക്കലും മരിക്കുന്നില്ല. ഓരോ യാതനയുടെയും വേദനയുടെയും പിറകിൽ അതിനെക്കാൾ ഭയങ്കരമായ യാതനകൾ വരാനുണ്ടായിരിക്കും. ഓരോ ദുരിതമനുഭവിക്കുമ്പോഴും ഇതോടെ ഒന്നു മരിച്ചുകിട്ടിയെങ്കിൽ എന്ന് അവരാഗ്രഹിക്കുകയും ചെയ്യും. അങ്ങനെ യാതനകൾ അനന്തകാലം നീണ്ടുപോകുന്നു.

ഖുർആൻ നരകയാതനകൾ വർണിക്കുമ്പോൾ ചിലർ നെറ്റിചുളിച്ചേക്കും; കരുണാമയനായ അല്ലാഹു മനുഷ്യരെ ഇത്ര ക്രൂരമായും നിർദയമായും ശിക്ഷിക്കുമോ? ഇതൊക്കെ ആളുകളെ ഭയപ്പെടുത്തി അല്ലാഹുവിൽ വിശ്വസിപ്പിക്കാനും അനുസരിപ്പിക്കാനും വേണ്ടി പറയുന്നതാവില്ലേ എന്ന് ചിലർ സന്ദേഹിക്കുകയും ചെയ്യുന്നു. നരകവും സ്വർഗവും അതിഭൗതിക

യാഥാർഥ്യങ്ങളാണ്. അവയെക്കുറിച്ച് അല്ലാഹു പറയുന്നതിലധികമൊന്നും നമുക്ക് മനസ്സിലാക്കാനാവില്ല. സ്വർഗത്തിൽ നമുക്ക് സങ്കൽപിക്കാനാവാത്തത്ര സുഖസൗഭാഗ്യങ്ങളും നരകത്തിൽ നമ്മുടെ സങ്കൽപത്തിനതീതമായ യാതനകളും വേദനകളും ഉണ്ടെന്നാണ് രണ്ടിന്റെയും വർണനകളിൽനിന്ന് മനസ്സിലാക്കേണ്ടത്. ഖുർആന്റെ സ്വർഗ നരക വർണനകൾ അതിഭൗതികമായ യാഥാർഥ്യങ്ങളെ മനുഷ്യന്റെ ഭാഷയിലൂടെ അവന്റെ ഗ്രാഹ്യതയോടടുപ്പിക്കുകയാണ്. നമുക്ക് ഗോചരമല്ലാത്ത സംഗതികളെ നാം നിരൂപണം ചെയ്യുന്നതിലർഥമില്ല. അല്ലാഹു സ്നേഹമയനും പരമദയാലുവുമാണ്. അവന്റെ ദയയും സ്നേഹവും അർഹിക്കുന്നവർക്ക് അതിരും എതിരുമില്ലാത്ത സുഖ സൗകര്യങ്ങൾ നൽകുന്നു. അവൻ കഠിനമായി ശിക്ഷിക്കുന്നവനും -شَدِيدُ ٱلْعِقَابِ- ആണ്. അവന്റെ കോപത്തിനർഹരാകുന്നവരെ അതിരുമെതിരുമില്ലാതെ ശിക്ഷിക്കുകയും ചെയ്യുന്നു. പരമനീതിമാനുമാണല്ലാഹു. അവന്റെ നീതിയുടെ ത്രാസ് തികച്ചും സന്തുലിതമായിരിക്കും. രക്ഷിക്കപ്പെടുന്നവർക്ക് അറ്റമില്ലാത്ത സുഖം ലഭിക്കുന്നത് നീതിയാണെങ്കിൽ ശിക്ഷിക്കപ്പെടുന്നവർക്ക് അളവറ്റ ദുഃഖം ലഭിക്കുന്നതും നീതിതന്നെ.

**18:** അല്ലാഹുവിലും അവന്റെ ദീനിലും വിശ്വസിക്കാൻ കൂട്ടക്കാത്ത അധർമികൾ പരലോകത്ത് അനന്തവും അതിദാരുണവുമായ ശിക്ഷാനടപടികൾക്ക് വിധേയരാകും എന്നു പറയുമ്പോൾ, ഉയരാവുന്ന ഒരു ചോദ്യമുണ്ട്. പാപികളും ചില സൽകർമങ്ങൾ ചെയ്തിരിക്കുമല്ലോ. അതിന്റെ ഗുണം അവർക്ക് ലഭിക്കേണ്ടതല്ലേ? അതിനുള്ള മറുപടിയാണ് ഈ സൂക്തം. ഇവിടെ കർമങ്ങൾ -أعمال- കൊണ്ടുദ്ദേശ്യം സൽകർമങ്ങളാകുന്നു എന്നാണ് പൊതുവിൽ കരുതപ്പെടുന്നത്. കർത്താവിനെ സംബന്ധിച്ചേടത്തോളം താൻ ചെയ്യുന്നതെല്ലാം നല്ലതുതന്നെയാണ്.

അല്ലാഹുവിനെയും അന്ത്യനാളിനെയും നിഷേധിക്കുന്നവർ നന്മ ചെയ്യുന്നതും തിന്മ ചെയ്യുന്നതും പരലോക ഫലത്തിനു വേണ്ടിയല്ല. പരലോകത്തെന്നപോലെ ഇഹലോകത്തും നന്മ തിന്മകൾക്ക് അവയുടേതായ ഫലങ്ങളുണ്ട്. വിശ്വാസിക്കും അവിശ്വാസിക്കും അവരുടെ സൽകർമങ്ങൾക്കും ദുഷ്കർമങ്ങൾക്കും ലഭിക്കേണ്ട ഭൗതിക ഫലം ഈ ലോകത്തു വെച്ചു തന്നെ ലഭിക്കുന്നു. വിശക്കുന്നവന് അന്നം കൊടുക്കുന്നത് വിശ്വാസിയായാലും അവിശ്വാസിയായാലും അത് ലഭിക്കുന്നവന്റെ വിശപ്പടങ്ങും. അതൊരു സൽകർമമായി എല്ലാവരും അംഗീകരിക്കുകയും പ്രശംസിക്കുകയും ചെയ്യും. വിശക്കുന്നവന്റെ വിശപ്പടക്കാൻ കഴിഞ്ഞതിലുള്ള സംതൃപ്തിയും രണ്ടു കൂട്ടർക്കും ഒരുപോലെ ലഭിക്കും. അവിശ്വാസിയെ സംബന്ധിച്ചേടത്തോളം ഇതോടെ പൂർത്തിയായി അയാളുടെ കർമഫലം. പരലോകത്തെത്തുമ്പോൾ ആ കർമം എരിഞ്ഞടങ്ങിയ ചാരം പോലെയാണ്. ഒരു വസ്തു എരിഞ്ഞുചാരമാവുക എന്നാൽ അതിന്റെ ഗുണങ്ങളും അതിൽനിന്നു പ്രതീക്ഷിക്കപ്പെടുന്ന പ്രയോജനങ്ങളുമെല്ലാം നഷ്ടപ്പെടുകയാണ്. ചാരം തന്നെ കാറ്റിൽ പറന്നു പോവുക കൂടി ചെയ്താൽ പിന്നെ ഒന്നുമില്ല. അല്ലാഹുവിൽ വിശ്വസിച്ച് അവന്റെ പ്രീതിയും പ്രതിഫലവും കാംക്ഷിച്ച് ചെയ്യുന്ന സൽകർമങ്ങൾക്കാണ് പരലോകത്ത് പ്രതിഫലം നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഇക്കാര്യം ഖുർആൻ പലവട്ടം സ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ട് ഉദാഹരണം

مَّن كَانَ يُرِيدُ ٱلْعَاجِلَةَ عَجَّلْنَا لَهُۥ فِيهَا مَا نَشَآءُ لِمَن نُّرِيدُ ثُمَّ جَعَلْنَا لَهُۥ
جَهَنَّمَ يَصْلَىٰهَا مَذْمُومًا مَّدْحُورًا ﴿١٨﴾ وَمَنْ أَرَادَ ٱلْـَٔاخِرَةَ وَسَعَىٰ لَهَا سَعْيَهَا
وَهُوَ مُؤْمِنٌ فَأُو۟لَـٰٓئِكَ كَانَ سَعْيُهُم مَّشْكُورًا ﴿١٩﴾

(ഒരുവൻ ഇഹലോകത്ത് ഉടനെ ലഭിക്കുന്ന ഭൗതിക നേട്ടങ്ങളെയാണ് ആഗ്രഹിക്കുന്നതെങ്കിൽ അതവന്ന് ഇവിടെ ക്ഷണത്തിൽ തന്നെ നൽകുന്നു- നാം ഇഛിച്ചതും ഇഛിക്കുന്നവർക്കും. അനന്തരം നാമവന് നരകം നിശ്ചയിക്കുന്നു. അതിലവൻ നിന്ദിതനും കാരുണ്യം വിലക്കപ്പെട്ടവനുമായി എരിയുന്നു. പരലോകം കാംക്ഷിക്കുകയും സത്യവിശ്വാസിയായിക്കൊണ്ട് അതിനു പ്രയത്നിക്കേണ്ടവണ്ണം പ്രയത്നിക്കുകയും ചെയ്തവരോ, അത്തരക്കാരുടെ കർമങ്ങൾ പരലോകത്ത് നന്ദിയോടെ സ്വീകരിക്കപ്പെടുന്നു - 17:18,19)

وَمَن يَعْمَلْ مِنَ ٱلصَّـٰلِحَـٰتِ مِن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ
فَأُو۟لَـٰٓئِكَ يَدْخُلُونَ ٱلْجَنَّةَ وَلَا يُظْلَمُونَ نَقِيرًا ﴿١٢٤﴾

(സൽകർമമനുഷ്ഠിക്കുന്നത് സ്ത്രീയാവട്ടെ, പുരുഷനാവട്ടെ, സത്യവിശ്വാസിയാണെങ്കിൽ അക്കൂട്ടർ സ്വർഗത്തിൽ പ്രവേശിക്കുന്നതാകുന്നു. അവർ അണുഅളവ് അനീതിക്കിരയാകുന്നതല്ല - 4:124)

പ്രവാചകൻ പറഞ്ഞു: إنّما الأعمال بالنّيات وإنّما لكلّ امرئ ما نوي "കർമങ്ങളുടെ മൂല്യം ഉദ്ദേശ്യമനുസരിച്ചാകുന്നു. ഓരോ മനുഷ്യനും ലഭിക്കുക തന്റെ കർമംകൊണ്ട് അവൻ ഉദ്ദേശിച്ചതു മാത്രമാണ്."

പരലോകം ലക്ഷ്യമാക്കി ചെയ്ത സൽകർമങ്ങൾക്കാണ് പരലോകത്ത് പ്രതിഫലം ലഭിക്കുക. ഇഹലോകം ലക്ഷ്യമാക്കിയ കർമങ്ങൾ ഇഹലോകത്തു മാത്രമേ വിലമതിക്കപ്പെടൂ. വിശ്വാസികൾപോലും ഭൗതിക നേട്ടങ്ങൾ മാത്രം ലക്ഷ്യമാക്കി ചെയ്ത കർമങ്ങൾക്ക് പരലോകത്ത് പ്രതിഫലം പ്രതീക്ഷിക്കേണ്ടതില്ലെന്ന് അല്ലാഹു പ്രസ്താവിച്ചതായി നബി(സ) പറഞ്ഞിട്ടുണ്ട്. ഭൗതിക ലാഭം മാത്രം ലക്ഷ്യമാക്കി ചെയ്ത സൽകർമങ്ങൾ ചെയ്തവരോട് അല്ലാഹു പറയും: ആ കർമം നീ ചെയ്തത് ഇന്ന ഭൗതിക ലാഭം മാത്രം കാംക്ഷിച്ചുകൊണ്ടാണല്ലോ. ആ ലക്ഷ്യം അന്നു നിറവേറുകയും ചെയ്തിരിക്കുന്നു.

അല്ലാഹുവിലും പരലോകത്തിലും വിശ്വസിക്കാത്തവർ ദുഷ്കർമമെന്നപോലെ സൽകർമവും ചെയ്യുന്നത് സ്വേഛയുടെ പൂരണമായിട്ടാണ്. സ്വേഛ നടപ്പിലാക്കിയതിനല്ല; അല്ലാഹുവിന്റെ ഇഷ്ടം നടപ്പിലാക്കിയതിനാണ് പരലോകത്ത് പാരിതോഷികം വാഗ്ദാനം ചെയ്തിട്ടുള്ളത്. ■